പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4887 21-10-2011-ൽ മറുപടിക്ക്**

**വനങ്ങളിലെ പുഴമണൽ ഖനനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ: | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനങ്ങളിലെ പുഴമണൽ ശേഖരിച്ച് വിൽക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത സംവിധാനത്തിന് മേൽനോട്ടം വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വനം വകുപ്പും കേരള നിർമ്മിതി കേന്ദ്രവും സംയുക്തമായി മണൽ ശേഖരിച്ച് വിപണനം നടത്തുവാനുള്ള സംവിധാനം നിലവിലുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ ചോഴിയക്കോട്, മിൽപ്പാലം, റാന്നി വനം ഡിവിഷനിലെ മൂണ്ടോമൂഴി, തിരുക്കയം കടവുകളിൽ നിന്നും വനസംരക്ഷണ സമിതികൾ മുഖേന മണൽ ശേഖരിച്ച് നിർമ്മിതി കേന്ദ്രത്തിന്റെ മേൽനോട്ടത്തിലുള്ള യഥാക്രമം കുളത്തൂപ്പുഴ, തണ്ണിത്തോട് കലവറകൾ വഴിയാണ് മണൽ വിപണനം നടത്തി വരുന്നത്. |
| (ബി) നിലവിൽ ശേഖരിച്ചിട്ടുള്ള മണൽ പ്രസ്തുത കേന്ദ്രങ്ങളിൽ നിന്ന് വിതരണം നടത്താത്തത് എന്തുകൊണ്ടാണ് ; | (ബി) വനസംരക്ഷണ സമിതികൾ മുഖേന ശേഖരിക്കുന്ന മണൽ പ്രസ്തുത കലവറകൾ വഴി വിതരണം നടത്തി വരുന്നുണ്ട്. |

| | |
|---|---|
| (സി) മണൽ വിതരണത്തിന്റെ ചുമതല ആർക്കാണ്; ക്യുബിക് ഫീറ്റിന് എന്തു തുകയാണ് ഈടാക്കുന്നത്; | (സി) അപേക്ഷ സ്വീകരിക്കുവാനും മണൽ വിതരണം ചെയ്യുവാനുമുള്ള ചുമതല കേരള നിർമ്മിതി കേന്ദ്രത്തിനാണ്. കലവറ വഴി വനം വകുപ്പ് ലഭ്യമാക്കുന്ന മണൽ ബി.പി.എൽ വിഭാഗക്കാർക്കും എ.പി.എൽ വിഭാഗക്കാർക്കും ഒരു ക്യുബിക് മീറ്ററിന് യഥാക്രമം 78 രൂപയും, 1000 രൂപയും നിരക്കിൽ മറ്റ് നിയമാനുസൃത നികുതികളും ഈടാക്കി വിതരണം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ